2022 ഒക്ടോബർ 19 - ന് വൈകിട്ട് 4.00 ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ,ചേമ്പറിൽ ചേർന്ന കിലയുടെ ഇരുപത്തിയൊന്നാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്

ഹാജർ (യോഗത്തിൽ പങ്കെടുത്തവർ)

| | | | |
|---|---|---|---|
| 1. | ശ്രീമതി. ശാരദാ മുരളീധരൻ IAS<br>അഡീഷണൽ ചീഫ് സെക്രട്ടറി<br>തദ്ദേശ സ്വയംഭരണ വകുപ്പ് | : | ചെയർപേഴ്സൺ |
| 2. | ശ്രീ. എം.ജി രാജമാണിക്യം IAS<br>പ്രിൻസിപ്പൽ ഡയറക്ടർ<br>തദ്ദേശ സ്വയംഭരണ വകുപ്പ് | : | മെമ്പർ |
| 3. | ശ്രീ. അരുൺ കെ. വിജയൻ IAS<br>ഡയറക്ടർ<br>തദ്ദേശ സ്വയംഭരണ വകുപ്പ്(Urban) | : | മെമ്പർ |
| 4. | ശ്രീ. കെ എസ് അജയകുമാർ<br>അഡീഷണൽ സെക്രട്ടറി (ധനകാര്യം)<br>ധനകാര്യ വകുപ്പ് | : | മെമ്പർ |
| 5. | ശ്രീമതി. ജോത്സന മോൾ എസ്<br>ജോയിന്റ് ഡയറക്ടർ<br>തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ) പ്രതിനിധി | : | മെമ്പർ |
| 6. | ഡോ. ജോയ് ഇളമൺ<br>ഡയറക്ടർ ജനറൽ, കില | : | കൺവീനർ |

ഐറ്റം നമ്പർ -01

2022 ആഗസ്റ്റ് 20 തീയ്യതിയിലെ സംയോജിത കിലയുടെ ഇരുപതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്

തീരുമാനം:

20.08.2022 തീയ്യതിയിലെ സംയോജിത കിലയുടെ ഇരുപതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു. സംയോജനം പൂർത്തീകരിച്ച സാഹചര്യത്തിൽ ഇനി മുതൽ സംയോജിത കില എന്ന് പ്രത്യേകം പരാമർശിക്കേണ്ടതില്ല എന്ന് നിർദ്ദേശിച്ചു.

ഐറ്റം നമ്പർ - 02
മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ
തീരുമാനം:

മുൻ എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി അംഗീകരിക്കുകയും താഴെപ്പറയുന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

20/08/2022 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനം - ഐറ്റം നമ്പർ : 08-

ശ്രീ സാജൻ പീറ്റർ, ലൈബ്രറി അറ്റന്റന്റ് കില - ബഹു കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 23599/2022 കേസിൽ ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കില എക്സിക്യൂട്ടീവ് കമ്മറ്റിക്ക് വേണ്ടി ശ്രീ സാജൻ പീറ്ററെ നേരിൽ കേൾക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. അതിനെത്തുടർന്ന് ടിയാനെ നേരിൽ കേട്ടതിന് ശേഷം ശുപാർശ സഹിതമുള്ള റിപ്പോർട്ട് കില എക്സിക്യൂട്ടീവ് കമ്മറ്റി ചെയർപേഴ്സൺ (അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്) മുമ്പാകെ പഞ്ചായത്ത് ഡയറക്ടർ 19/10/2022 തീയതിയിൽ സമർപ്പിച്ചു. പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച പ്രസ്തുത റിപ്പോർട്ട് 19/10/2022 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിക്കുകയും ടി റിപ്പോർട്ട് പ്രകാരം തുടർനടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി.

ഐറ്റം നമ്പർ - 3

ഓഡിറ്റ് റിപ്പോർട്ട്: 2021-22 അംഗീകരിക്കുന്നത് സംബന്ധിച്ച്

തീരുമാനം

2021-22 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സും എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്ത് വിലയിരുത്തിക്കൊണ്ട് താഴെ പറയുംപ്രകാരം തീരുമാനങ്ങൾ കൈക്കൊണ്ടു.

(1) സർവ്വീസ് ടാക്സുമായി ബന്ധപ്പെട്ട വിഷയം പരിഹരിക്കുന്നതിലേക്ക് ആവശ്യമായ തുടർനടപടികൾ കൈക്കൊള്ളാൻ കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി.

(2) കിലയിൽ നിന്നും നൽകിയ മുൻകൂർ തുക 2022 ഡിസംബർ 31 നുള്ളിൽ തീർപ്പാക്കുന്നതിനുള്ള അടിയന്തിര നടപടി കൈക്കൊള്ളാൻ കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി.

(3) ബില്ലുകളിൽ നിന്ന് TDS പിടിക്കുന്നത് സംബന്ധിച്ച വിഷയം അടിയന്തിര പ്രാധാന്യത്തോടെ കൈകാര്യം ചെയ്യുവാൻ കിലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്താൻ കില ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകി.

(4) കിലയ്ക്ക് അധിക വരുമാനം കണ്ടെത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി കിലയിൽ നിന്നും വിവിധ ഏജൻസികൾക്ക് നൽകി വരുന്ന വിവിധ സേവനങ്ങൾ, റിസർച്ച് പ്രോഗ്രാമുകൾ എന്നിവയ്ക്ക് സാധ്യമായ സാഹചര്യങ്ങളിൽ എല്ലാം നിശ്ചിത ഫീസ് ഈടാക്കുന്നതിന് തീരുമാനിച്ചു. അതോടൊപ്പം പുതിയ സാധ്യതകൾ കണ്ടെത്തണം. വിവിധ കോഴ്സുകൾക്ക് ഫീസ് ഈടാക്കാൻ ഉള്ള സാധ്യത പരിശോധിക്കണം. ഇതിനു ഇത്തരം കോഴ്സുകൾക്ക് പ്രത്യേകം വിദഗ്ധരെ ചുമതലപ്പെടുത്താം. Consultancy അടിസ്ഥാനത്തിൽ ഇവരെ നിയോഗിക്കാം. തുടർനടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി.

(5) 2021-22 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സും എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിക്കുകയും ആയത് ശുപാർശയോടെ ഗവേണിംഗ് കൌൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനും തീരുമാനിച്ചു. തുടർ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി

യോഗം വൈകിട്ട് 4.45 ന് അവസാനിച്ചു.

Saradaly

ചെയർപേഴ്സൺ, എക്സിക്യൂട്ടീവ് കമ്മിറ്റി